# വിശുദ്ധവാരത്തിന്റെ വെല്ലുവിളി

## ഡി. ബാബു പോൾ

രണ്ടായിരത്തോളമാണ്ടുകൾക്കപ്പുറത്ത്, അന്ന് ഒരു വസന്തകാലത്ത് ഏതാണ്ട് ഒരേ സമയത്ത് രണ്ട് ഘോഷയാത്രകൾ യഹൂദതലസ്ഥാനമായ യെരുശലേമിൽ പ്രവേശിച്ചു. പെസഹാപ്പെരുന്നാൾ പ്രമാണിച്ച് യെരുശലേം ജനനിബിഡമാവുകയും കലഹസാധ്യത വർദ്ധിച്ചിരിക്കുകയും ചെയ്യുമ്പോൾ വലിയ ഹേരോദിന്റെ കൊട്ടാരത്തിൽ താമസിച്ചുകൊണ്ട് നിയമസമാധാനപാലനം നിർവ്വഹിക്കുവാൻ എഴുന്നെള്ളുന്ന റോമൻ ഗവർണർ പൊന്തിയോസ് പീലാത്തോസ് പടിഞ്ഞാറുനിന്ന് അശ്വാരൂഢരായ ആയുധപാണികളോടെ. നഗരത്തിന്റെ കിഴക്കുനിന്ന് കുരുത്തോലകൾ വീശി ഓശാന പാടുന്ന കർഷകജനതയെ നയിച്ചുകൊണ്ട് കഴുതപ്പുറത്ത് ഒരു സമാധാനപ്രഭു, യേശുക്രിസ്തു. സാമ്രാജ്യവും ദൈവരാജ്യവും അധീശതയും മനുഷ്യാവകാശവും.

പഴയനിയമത്തിൽ കാണുന്ന ഒരു പ്രവാചകനാണ് സഖറിയ. ഓശാനയുടെ വിവരണത്തിൽ മത്തായി ഉദ്ധരിക്കുന്ന പ്രവാചകവാക്യത്തിന് ഉദ്ധരിക്കാത്ത ഒരു തുടർച്ചയുണ്ട്, ഇങ്ങനെ: “ഞാൻ ഏഫ്രയിമിൽ നിന്ന് രഥത്തെയും യെരുശലേമിൽ നിന്ന് കുതിരയെയും ഛേദിച്ചുകളയുംച പട വില്ലും ഒടിഞ്ഞുപോകും. അവൻ ജാതികളോട് സമാധാനം കല്പിക്കും”. സമാധാനമാണ് സന്ദേശം. യേശു നയിച്ച ഈ ‘കർഷകറാലി’യുടെ സാംഗത്യം തെളിയണമെങ്കിൽ അത് അരങ്ങേറിയ നഗരത്തിലെ അവസ്ഥ അറിയേണ്ടതുണ്ട്.

യേശു ജനിച്ച കാലത്ത് യഹൂദന്മാരുടെ തലസ്ഥാനവും പുണ്യഭൂമിയുമെന്ന നിലയിൽ യെരുശലേം ആയിരത്തിലേറെ സംവത്സരങ്ങൾ പിന്നിട്ടുകഴിഞ്ഞിരുന്നു. ദാവീദാണ് യെരുശലേം ആസ്ഥാനമാക്കിയത്. തന്റെ മുൻഗാമിയുടെയോ തന്റെയോ ഗോത്രഭൂമിയിലാകരുത് ആസ്ഥാനം എന്ന ഭരണതന്ത്രജ്ഞത ഈ തീരുമാനത്തിന്റെ പിന്നിൽ ഉണ്ടായിരുന്നിരിക്കാം എന്ന് ‘വേദശബ്ദരത്നാകരം’ ഊഹിച്ചിട്ടുണ്ട്. ദാവീദും മകൻ ശലോമോനുമാണ് അവിടെനിന്ന് അവിഭക്ത ഇസ്രായേലിനെ ഭരിച്ചത്. അറിവിലും വിദേശബന്ധങ്ങളിലുമൊക്കെ മുന്നിൽ ശലോമോൻ ആയിരുന്നെങ്കിലും സൂര്യവംശത്തിൽ ശ്രീരാമൻ എന്ന കണക്കെ യഹൂദചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുള്ളത് ദാവീദാണ്. അതുകൊണ്ടാണ് രാജ്യം വിഭജിക്കപ്പെടുകയും പ്രതാപം അസ്തമിക്കുകയും അന്യർ അവകാശത്തിലേക്ക് പ്രവേശിക്കുകയും ചെയ്ത കാലത്ത് വിമോചകനായി അവതരിക്കാനുള്ളവനെ ദാവീദുപുത്രൻ എന്ന് സമൂഹം വിളിച്ചത്.

ശലോമോൻ പണികഴിപ്പിച്ച ദേവാലയം യഹൂദവേദശാസ്ത്രത്തിൽ ‘ഭൂമിയുടെ നാഭി’യായി: ഈശ്വരനും മനുഷ്യനും തമ്മിലുള്ള നാഭീനാളബന്ധത്തിന്റെ പ്രതീകം. യഹൂദന്മാരുടേതാണ് ദേവാലയമെങ്കിലും വിജാതീയരും വിദേശീയരും വിളിച്ചാൽ വിളി കേൾക്കുന്ന ഇടവുമായിരുന്നു അത്. ജ്ഞാനിയായ ശലോമോന്റെ ഭാവനയിൽ. സർവ്വവ്യാപിയായ ഈശ്വരന്റെ സവിശേഷ സാന്നിദ്ധ്യം സകലരും അനുഭവിച്ചറിയുന്ന സ്ഥലമായി യരുശലേം ദേവാലയം വാഴ്ത്തപ്പെട്ടു. ഈശ്വരസാന്നിദ്ധ്യം മാത്രമല്ല ഈശ്വരന്റെ കൃപയും ദാക്ഷിണ്യവും ലഭിക്കുന്ന സ്ഥാനവുമായി ബലി അർപ്പിക്കപ്പെടുന്ന ദേവാലയം. ആരോഹണഗീതങ്ങൾ എന്നറിയപ്പെടുന്ന പതിനഞ്ച് സങ്കീർത്തനങ്ങളുണ്ട് ബൈബിളിൽ. അവ ഓരോന്നും യരുശലേമിന്റെ മഹത്വം വിളിച്ചോതുന്നതാണ്.

എന്നാൽ യരുശലേം ദൈവത്തിന്റെ പട്ടണം മാത്രം ആയിരുന്നില്ല. ശലോമോന്റെ ഭരണകാലത്തിന്റെ അവസാനത്തോടെ അത് ഒരു അധീശതാവ്യവസ്ഥിതിയുടെ കേന്ദ്രം കൂടെയായി. അധീ

ശതാവ്യവസ്ഥിതി എന്ന പ്രയോഗം വിശദീകരിക്കേണ്ടതുണ്ടെന്നു തോന്നുന്നു. പ്രാചീനകാലത്തെ കാർഷിക സമ്പദ്‌വ്യവസ്ഥയെ സൂചിപ്പിക്കുന്നു ഈ പദപ്രയോഗം. അതിന് മൂന്ന് സവിശേഷതകൾ കാണാം. ഒന്ന്: രാഷ്ട്രീയമായ അടിച്ചമർത്തൽ. സാധാരണക്കാരന് ഒന്നിലും ഒരു അധികാരവും ഉണ്ടായിരുന്നില്ല. രാജാക്കന്മാർ, പ്രഭുക്കന്മാർ, അവരോടൊട്ടിനിന്നവർ– ഇങ്ങനെ കുറേപ്പേർ ഏറെപ്പേർക്ക് മേൽ കർതൃത്വം നടത്തി. രണ്ട്: സാമ്പത്തികചൂഷണം. വ്യവസായപൂർവയുഗത്തിൽ സമ്പത്തിന്റെ സ്രോതസ്സ് കൃഷിയായിരുന്നു. അതിന്റെ മൂന്നിൽ രണ്ടു ഭാഗം അധീശവർഗത്തിന്റെ കൈകളിലെത്തിച്ചേരുമെന്നുറപ്പിക്കുന്നതായിരുന്നു അവരുണ്ടാക്കിയ വ്യവസ്ഥകളും ചട്ടങ്ങളും. ഭൂമിയുടെ ഉടമ ഈശ്വരനാണ് എന്നതാണ് ബൈബിളിലെ അടിസ്ഥാന സങ്കല്പം. ഫലത്തിൽ അത് മാറ്റിമറിക്കപ്പെട്ടു. കടം കയറിയപ്പോൾ കർഷകൻ കർഷകത്തൊഴിലാളിയായി. കർഷകത്തൊഴിലാളി പിന്നെ അടിമയായി. മൂന്ന്: മതപരമായ അംഗീകാരം ഈ ചൂഷണങ്ങൾക്ക് കിട്ടി. രാജാധികാരം ദൈവദത്തം. രാജാവ് ദൈവപുത്രൻ. സാമൂഹിക വ്യവസ്ഥിതി ദൈവികനിയമം. പഴയനിയമത്തിലെ ഉൽപതിഷ്ണുക്കളായ പ്രവചാകർ ഈ അവസ്ഥയൊക്കെ വെല്ലുവിളിച്ചുവെന്നതാണ് ശരി. എങ്കിലും പൊതുവേ അധീശതാവ്യവസ്ഥിതിയിലെ അന്യായങ്ങൾക്ക് നിയമസാധുത നൽകുകയാണ് മതങ്ങൾ ചെയ്തിരുന്നത്.

മനുസ്മൃതി ഓർമ്മ വരുന്നു. അതായത് യഹൂദമതത്തിലോ പലസ്തീൻ നാട്ടിലോ മാത്രം സംഭവിച്ച അപഭ്രംശം ആയിരുന്നില്ല ഇതൊന്നും. മനുഷ്യസംസ്ക്കാരത്തിന്റെ അയ്യായിരം കൊല്ലത്തെ ചരിത്രത്തിന്റെ തുടർച്ചയെന്നേ പറയാനാവൂ. എന്നാൽ റോം അർക്കലാവോസ് രാജാവിനെ സ്ഥാനഭ്രഷ്ടനാക്കി ഭരണം ഏറ്റെടുത്തതോടെ ഈ അധീശതാവ്യവസ്ഥിതിയുടെ ആധാരശിലയായി യരുശലേം ദേവാലയവും മഹാപുരോഹിതസമൂഹവും മാറി. അതിനെതിരെയാണ് യേശു പടനയിച്ചത്.

യരുശലേം ഉൾപ്പെടുന്ന പലസ്തീൻ നാട് റോമാഭരണത്തിലായപ്പോൾ കൃഷിയുടെ സ്വഭാവവും മാറി. ഭക്ഷ്യവിളകളെക്കാൾ കൂടുതൽ ഒലീവ്, അത്തി, ഈന്തപ്പഴം തുടങ്ങിയ 'വാണിജ്യ'വിളകളായി. വാണിജ്യവിളയ്ക്ക് കൂടുതൽ മൂലധനം വേണം. പഴയ കർഷകർ പലരും പുറത്തായി. മഹാപുരോഹിതന്മാരും മൂപ്പന്മാരും ശാസ്ത്രിമാരും എന്നാണ് അധീശവർഗ്ഗത്തെക്കുറിച്ച് പുതിയനിയമത്തിലെ ആദ്യരചനയുടെ കർത്താവായ മർക്കോസ് പറയുന്നത്. ശാസ്ത്രിമാർ അറിവുള്ളവരായിരുന്നു. രായസവും രേഖകളും അവർ സൂക്ഷിച്ചു.

ഈ കർഷക ചൂഷണത്തോടൊപ്പം നികുതി പിരിവിന്റെ കേന്ദ്രമായും യരുശലേം നിലകൊണ്ടു. പെരുന്നാളിന് രണ്ടുരണ്ടര ലക്ഷം ജനം ഒത്തുചേരുന്ന നഗരത്തിലെ നാൽപ്പതിനായിരം സ്ഥിരവാസക്കാർ ധനികരായിരുന്നു. അവരൊക്കെ വ്യക്തിപരമായി അഴിമതിക്കാരോ ക്രൂരന്മാരോ ആയിരുന്നുവെന്നല്ല. നന്മ നിറഞ്ഞവരും വിശ്വസ്തരും ആയിരുന്ന വ്യക്തികളും ഈ അധീശതാവ്യവസ്ഥിതിയെ നിലനിർത്തുന്നതിൽ പങ്കുവഹിച്ചിരുന്നു. അറിഞ്ഞും ചിലരെങ്കിലും അറിയാതെയും എന്നു മാത്രം.

റോമിന് വേണ്ടത് സമാധാനം ആയിരുന്നു. വിപ്ലവവും കലഹവും ഒഴിവാക്കുമെങ്കിൽ മാത്രമാണ് യഹൂദസമൂഹത്തിലെ അധികാരികളെ അവർക്ക് വേണ്ടിയിരുന്നത്. 'ജനത്തിനു വേണ്ടി ഒരുവൻ മരിക്കുന്നത് കൊള്ളാം' എന്ന് കയ്യാഫാസ് പറഞ്ഞതിന്റെ പശ്ചാത്തലം ഇതാണ്. "അവനെ ഇങ്ങനെ വിട്ടേച്ചാൽ ജനം അവനെ വിശ്വസിക്കും. റോമാക്കാർ നമ്മുടെ സ്ഥലത്തെയും ജനത്തെയും എടുക്കുകയും ചെയ്യും" എന്നാണ് തൊട്ടുമുമ്പ് കാണുന്ന ഭയം.

യേശു യെരുശലേം ഒഴികെ ഒരു മഹാനഗരവും സന്ദർശിച്ചില്ല. നാട്ടിൻപുറങ്ങളിലും കഫർനാഹും പോലുള്ള ചെറിയ പട്ടണങ്ങളിലും അല്ലാതെ ടൈബീരിയസിലോ സെഫോറിസിലോ

നാം അവനെ കാണുന്നില്ല. സ്വാഭാവികമായും ആദ്യകൃതിയായ മർക്കോസിന്റെ സുവിശേഷത്തിൽ ഗലീലയിൽ നിന്ന് യെരുശലേമിലേക്കുള്ള ഒരു നവോത്ഥാനമാർച്ച് ആണ് യേശുവിന്റെ പരസ്യശുശ്രൂഷയുടെ കാതൽ. യേശുവിനെ പിൻചെല്ലുന്നവർ അവന്റെ പിറകെ ചെല്ലണം. ദിനംതോറും സ്വന്തം കുരിശ് വഹിച്ചുകൊണ്ട് സമ്പൂർണ്ണസമർപ്പണത്തിന്റെ ചിത്രം രചിക്കണം. ആ യാത്ര അവസാനിക്കുക യെരുശലേമിലാണ്. യെരുശലേം അധീശവർഗവുമായി നേരിട്ട് ഏറ്റുമുട്ടാനുള്ള സ്ഥലമാണ്. ആ ഏറ്റുമുട്ടൽ കുരിശുമരണത്തിലേക്ക് നയിക്കും. ആ കുരിശുമരണം പുനരുത്ഥാനത്തിന്റെ പാത ഒരുക്കുന്ന മരണമാണ്.

അടിസ്ഥാനചിന്ത സഹനത്തിലൂടെ വിജയം എന്നതാണ്. ഫിലിപ്പിന്റെ കൈസറിയയിൽ ശിഷ്യന്മാരിൽ ഒന്നാമനായ പത്രോസ് വിശ്വാസം ഏറ്റു പറഞ്ഞപ്പോൾത്തന്നെ തുടങ്ങിയതാണ് ഈ ഗുരുചിന്തയുടെ ലളിതമായ വിശദീകരണം. മൂന്ന് പ്രധാനഘടകങ്ങൾ. ഒന്ന്, ഉപരി സൂചിപ്പിച്ച സമ്പൂർണ്ണസമർപ്പണം. ക്രൂശിലേറാനുള്ളവൻ ക്രൂശു വഹിച്ചുകൊണ്ട് ശതാധിപന്റെ പിറകെ ഇടംവലം നോക്കാതെ നടക്കേണ്ടവനാണ്. ആ ശതാധിപന്റെ സ്ഥാനത്താണ് സർവ്വാധപനായ ഈശ്വരൻ. ഒരുവൻ ഈശ്വരന്റെ പിന്നാലെ ഇറങ്ങിത്തിരിച്ചാൽ പിന്നെ ഈശ്വരനൊഴികെ മറ്റൊന്നും അവന്റെ യാത്രയെ നിയന്ത്രിച്ചുകൂടാ. രണ്ടാമത്, തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും. ഒരുവൻ മുമ്പൻ ആകുവാൻ ഇച്ഛിച്ചാൽ അവൻ എല്ലാവരിലും ഒടുക്കത്തവനും എല്ലാവർക്കും ശുശ്രൂഷകനും ആകണം എന്നു യേശു പറഞ്ഞു. മൂന്നാമത്, അധീശതയല്ല, ദൈവരാജ്യത്തിന്റെ അടയാളം. 'ജാതികളിൽ അധിപതികളായവർ അവരിൽ കർതൃത്വം ചെയ്യുന്നു... അധികാരം നടത്തുന്നു... നിങ്ങളുടെ ഇടയിൽ അങ്ങനെ ആകരുത്'. ഒരു പുതിയ വ്യവസ്ഥിതിക്കുള്ള ആഹ്വാനമാണ് ഇവിടെ കാണേണ്ടത്. ദേവാലയത്തിലെ ബലികളെയും മഹാപുരോഹിതന്മാരെയും യേശു എതിർത്തത് ഒന്നാം നൂറ്റാണ്ടിലെ അധീശതാവ്യവസ്ഥിതിയുടെ പ്രതീകങ്ങൾ എന്ന നിലയിലാണ്. അന്ന് പീലാത്തോസിന്റെ പരേഡ് കണ്ട് 'കൊടിയേറ്റ'ത്തിലെ ഗോപിയെപ്പോലെ 'ഹൗ എന്തൊരു സ്പീഡ്' എന്ന് പറഞ്ഞവർ എല്ലാം ചീത്ത മനുഷ്യരായിരുന്നില്ല. എങ്കിലും അന്തിമവിജയത്തിലേക്ക് നയിക്കുന്നത് ഓശാനയുടെ കഴുതയാണ്, സാമ്രാജ്യത്തിന്റെ കുതിരയല്ല എന്ന് അവർ അറിഞ്ഞില്ല. വിശുദ്ധവാരത്തിന്റെ വെല്ലുവിളി ഒളിഞ്ഞിരിക്കുന്നത് ഇവിടെയാണ്.

***********